ആന്ത്രാക്സ് രോഗത്തിനെതിരെ കുത്തിവയ്ക്കപ്പെട്ട ആടുകൾ

86 (4125) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്ത്രാക്സ് രോഗത്തിനെതിരെ കുത്തിവയ്ക്കപ്പെട്ട ആടുകൾ അവശനിലയിലായിട്ടുണ്ടോ ;

(ബി) ഈ ആടുകളിൽ നിന്നും മറ്റ് ആടുകൾക്കും രോഗം പകർന്നിട്ടുണ്ടോ ;

(സി) കുത്തിവയ്ക്കപ്പെട്ട ആടുകൾ അവശനിലയിലാകുവാനും ചാകുവാനുമുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ പനച്ചിക്കാട്, നാട്ടകം പഞ്ചായത്തുകളിൽ ആന്ത്രാക്സ് രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തിയ 346 ആടുകളിൽ 33 ആടുകൾ 3-9 ദിവസത്തിനുള്ളിൽ അലർജിക് റിയാക്ഷൻ കാണിക്കുകയും ഒൻപതെണ്ണം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ആന്ത്രാക്സ് വാക്സിൻ എടുത്താൽ ചില മൃഗങ്ങളിൽ അലർജിക് റിയാക്ഷൻ ഉണ്ടാകുവാൻ സാദ്ധ്യത ഉണ്ട്.

(ബി) ഇല്ല.

(സി) അലർജിക് റിയാക്ഷൻ കാണിച്ച ആടുകളിൽ സെക്കന്ററി ബാക്ടീരിയൽ ഇൻഫക്ഷൻമൂലം ശ്വാസകോശ രോഗം (ന്യൂമോണിയ) ബാധിച്ചാണ് അവ മരണപ്പെട്ടത്.

അംബിപൊയ്കയിൽ മൃഗാശുപത്രി സ്ഥാപിക്കുവാൻ നടപടി

87 (4126) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഇളംപള്ളൂർ പഞ്ചായത്തിൽ അംബിപൊയ്ക എന്ന സ്ഥലത്തെ ജനങ്ങൾ ഒരു മൃഗാശുപത്രി സ്ഥാപിക്കുവാൻ വേണ്ടി 10 സെന്റ് സ്ഥലം വാങ്ങി മൃഗസംരക്ഷണ വകുപ്പിന് നൽകണമെന്ന് സമ്മതിച്ച് എഴുതി കൊടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥലത്ത് മൃഗാശുപത്രി സ്ഥാപിക്കുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly